# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ (KSTA)

# സ്റ്റേറ്റ് അക്കാദമിക് കൗൺസിൽ

Question Booklet No. 456789

SET **M**

**CM KID SCHOLARSHIP UP**

**മാതൃകാ പരീക്ഷ - 2026 ഫെബ്രുവരി 08**

Maximum: 50 scores | PAPER 2 | Time: 2 Hrs

Roll No. | | | | | | |

| Paper - 2 | Part - A |
|---|---|

| Question Paper Code | Are/Subjects | No. of Questions | Sl. No. of Questions | Sl. No. of Pages |
|---|---|---|---|---|
| 201 M | ഇംഗ്ലീഷ് | 15 | 1-15 | |
| 202 M | അടിസ്ഥാന ശാസ്ത്രം | 15 | 16-30 | |
| 203 M | സാമൂഹ്യ ശാസ്ത്രം | 20 | 31-50 | |

## നിർദ്ദേശങ്ങൾ

**ചോദ്യബുക്ക്ലെറ്റിന്റെ കവർ പേജിലും, ഒ.എം.ആർ. ഷീറ്റിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വളരെ ശ്രദ്ധയോടെ വായിക്കണമെന്ന് അനുശാസിക്കുന്നു.**

1. പരീക്ഷാസമയമായ 1 3/4 മണിക്കൂറിന് പുറമേയുള്ള 15 മിനിറ്റ് കൂൾ ഓഫ് ടൈം ആയിരിക്കും.
2. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരമെഴുതാനും മറ്റുള്ളവരുമായി ആശയവിനിമയം നടത്താനും പാടില്ല.
3. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
4. പേപ്പർ രണ്ടിൽ **അൻപത് (50)** ചോദ്യങ്ങൾ ഉണ്ടായിരിക്കും. **പാർട്ട് – എ ഇംഗ്ലീഷ് – 15** ചോദ്യങ്ങൾ. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **പാർട്ട് – ബി അടിസ്ഥാന ശാസ്ത്രം – 15** ചോദ്യങ്ങൾ._**പാർട്ട് – സി – സാമൂഹ്യശാസ്ത്രം – 20** ചോദ്യങ്ങൾ. (പേപ്പർ 2 ആകെ ചോദ്യങ്ങൾ 50 ആകെ മാർക്ക്– 50)
5. ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് (മൈനസ് മാർക്ക്) ഉണ്ടായിരിക്കുന്നതല്ല.
6. ഉത്തരമെഴുതുവാൻ ഒ.എം.ആർ. ഷീറ്റിലും, ചോദ്യപേപ്പറിലും തന്നിട്ടുള്ള നിർദ്ദേശങ്ങൾ നിർബന്ധമായും അനുസരിക്കണമെന്ന് പരീക്ഷാർത്ഥികളെ അനുശാസിക്കുന്നു.
7. ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പായി ഒ.എം.ആർ. ഷീറ്റിന്റെ മുകൾഭാഗത്തുള്ള കളങ്ങൾ പൂരിപ്പിക്കുക.
8. ഒ.എം.ആർ. ഷീറ്റിൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുന്നതിന് നീല മഷിയോ, കറുപ്പ് മഷിയോ ഉള്ള ബോൾ പോയിന്റ് പേനകൾ മാത്രം ഉപയോഗിക്കുക.
9. ഒ.എം.ആർ. ഷീറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തി വിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്തുവാൻ പാടില്ല. അങ്ങനെ എന്തെങ്കിലും ചെയ്താൽ അവരുടെ ഒ.എം.ആർ. ഷീറ്റ് റദ്ദാക്കുന്നതാണ്.

# Part A

# ENGLISH

**Read the passage and answer the questions that follow.(QNS 1 TO 6)**

In a village where girls were only taught to cook, Alya wanted to fly. She spent her nights looking at the moon through a broken pipe she pretended that was a telescope. Her neighbours laughed. "Planes are for boys," they teased. Alya didn't argue. She studied math by candlelight. She worked in a garage to understand engines. Ten years later, the village gathered around a radio. The announcer's voice crackled, "Captain Alya is the first woman from her region to pilot a commercial jet." The neighbours didn't laugh that day; they looked up at the sky in wonder.

1. Why did the neighbours laugh at Alya initially?

A. She wanted to fly, and they thought it wasn't for girls.
B. She told funny jokes.
C. She cooked bad food.
D. She wore funny clothes.

2. Consider these statements:

i. Alya gave up when people teased her.

ii. Alya worked hard to learn math and engines.

iii. Alya proved her neighbours wrong by becoming a pilot.

iv. The neighbours remained angry at her success.

A. i and iv are correct
B. ii and iii are correct
C. Only ii is correct
D. All are correct

3. What is the moral of Alya's story?

A. Telescopes are expensive.
B. Actions speak louder than words.
C. You should not listen to the radio.
D. Math is difficult.

4. The passage says: "The announcer's voice crackled." The word 'crackled' suggests:

A. The sound was clear and loud.
B. The announcer was crying
C.The sound was sharp and rough (like radio static).
D. The radio was broken completely.

5. Assertion (A): Alya studied math by candlelight.
Reason (R): She likely studied at night or didn't have electricity / luxury, showing her dedication.

A. Both A and R are true, and R is the correct explanation for A.
B. Both A and R are true, but R is not the correct explanation for A.
C. A is true, but R is false.
D. A is false, but R is true.

6. "The neighbours didn't laugh that day." Why?

A. They were sad. B. They were respectful and amazed by her achievement.
C. They were asleep. D. The radio was too loud.

***Read the lines below and answer the following questions. (QNS 7 TO 9)***

You may write me down in history
With your bitter, twisted lies,
You may tread me in the very dirt
But still, like dust, I'll rise.
Just like moons and like suns,
With the certainty of tides,
Just like hopes springing high,
Still, I'll rise.

7. "But still, like dust, I'll rise." This line means:

A. The speaker is dirty. B. The speaker is resilient and cannot be defeated.
C. The speaker likes playing in the dust. D. The speaker is a ghost.

8. Consider these statements:

i. The poet is confident about overcoming oppression
ii. The poet compares her rising to natural things like suns, moons, and tides.
iii. The tone of the poem is sad and defeated.

A. i and ii are correct B. ii and iii are correct
C. Only i is correct D. All are correct

9. Which literary device is used in "Like moons and like suns"?

A. Metaphor B. Simile C. Alliteration D. Personification

***Choose the correct answer from the options given below (QNS 10 TO 15)***

10. "The teacher asked the students to give up their bad habits." The phrasal verb 'give up' means:

A. Start B. Share C. Abandon/Stop D. Hide

11. "If it rains, I …………….. stay at home

A. will B. would C. would have D. will have

12. "You ________ not smoke in the hospital. It is prohibited."

A. need B. should C. would D. could

13. "He is the man ________ saved my life.

A. which B. whom C. whose D.who

14. Identify the statements that express Agreement

i. "I couldn't agree more with you."

ii. "I am afraid I have to differ."

iii. "You have hit the nail on the head."

iv. "That is exactly how I feel."

A. i, iii, and iv B. ii and iii only C. i and iv only D. All of the above

15. Which of the following sentences use 'Since' or 'For' correctly?

i. She has lived here since 2010.

ii. We have waited for three hours.

iii. He has known me since five years.

A. i only B. i and ii only C. ii and iii only D. i, ii, and iii

# Part B

# Basic Science

16. വാക്സിനുമായി ബന്ധപ്പെട്ട് താഴെ നൽകിയതിൽ ശരിയായ ജോടി ഏത്

| രോഗം | വാക്സിൻ |
|---|---|
| a) പോളിയോ | 1. BCG |
| b. ജപ്പാൻ ജ്വരം | 2. FIPV |
| c. ക്ഷയം | 3. JEV |

എ) a-1, b-3, c-2 ബി) a-2, b-1, c-3
സി) a-2, b-3, c-1 ഡി) a-3, b-2, c-1

17. താഴെപ്പറയുന്നവയിൽ ഏതാണ് കീടങ്ങളുടെ 'ജൈവ നിയന്ത്രണ' രീതിക്ക് ഉദാഹരണം?

എ) കീടങ്ങളെ പിടിക്കാൻ ഫെറോമോൺ കെണികൾ ഉപയോഗിക്കുന്നത്.
ബി) പുകയിലയുടെ കഷായം രോഗബാധിതമായ ഇലകളിൽ തളിക്കുന്നത്.
സി) ഹാനികരമായ പ്രാണികളെ ഭക്ഷിക്കാൻ ലേഡിബഗുകളെ ഉപയോഗിക്കുന്നത്.
ഡി) കീടങ്ങളുടെ ലാർവകളെ കൈകൊണ്ട് എടുക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത്.

18. വൈദ്യുതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സുരക്ഷാ നടപടികൾ പരിഗണിക്കുന്നവയിൽ ഏതാണ് ശരി.

1. അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ഇൻസുലേറ്റഡ് ഉപകരണങ്ങൾ ഉപയോഗിക്കുക.
2. നനഞ്ഞ കൈകൾ ഉപയോഗിച്ച് ഒരിക്കലും ഇലക്ട്രിക്കൽ സ്വിച്ചുകളിൽ സ്പർശിക്കരുത്.
3. ആഘാതങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി ഒരു ഇഎൽസിബി (എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ) സ്ഥാപിക്കുക.

എ) ഒന്നും രണ്ടും മാത്രം ബി) രണ്ടും മൂന്നും മാത്രം
സി) ഒന്നും മൂന്നും മാത്രം ഡി) ഒന്നും രണ്ടും മൂന്നും

19. ആമാശയത്തിലെ അസിഡിറ്റി ചികിത്സിക്കാൻ ഉപയോഗിക്കുന്ന ആന്റാസിഡുകൾ സാധാരണയായി ഇവയാണ്.

എ) വീര്യംകുറഞ്ഞ ആസിഡുകൾ ബി) വീര്യംകുറഞ്ഞ ബേസുകൾ
സി) വീര്യംകൂടിയ ആസിഡുകൾ ഡി) ന്യൂട്രൽ ലവണങ്ങൾ

20. രാത്രികാലങ്ങളിൽ റോഡരികിലെ സിഗ്നൽ ബോർഡുകളിൽ വാഹനത്തിന്റെ വെളിച്ചം പതിക്കുമ്പോൾ അവ തിളങ്ങുന്നതായി കാണാം. ഇതിന് കാരണമായ പ്രതിഭാസം ഏത്?

എ) ക്രമപ്രതിപതനം ബി) വിസരിത പ്രതിപതനം
സി) പ്രകാശത്തിന്റെ ആഗിരണം ഡി) ഇവയൊന്നുമല്ല

21. നവജാത ശിശുക്കളിലും മുതിർന്നവരിലും ശ്വസന നിരക്ക് വ്യത്യസ്തമായിരിക്കും. ഇതിനെക്കുറിച്ച് താഴെ പറയുന്നവയിൽ ഏതാണ് ശരി?

എ) മുതിർന്നവരിലാണ് ശ്വസന നിരക്ക് കൂടുതൽ
ബി) കുട്ടികളിൽ ശ്വസന നിരക്ക് കൂടുതൽ
സി) രണ്ടുപേരിലും ശ്വസന നിരക്ക് ഒരുപോലെയായിരിക്കും.
ഡി) കുട്ടികളിൽ ശ്വസന നിരക്ക് ഇല്ല

22. ഒരു സയൻസ് മ്യൂസിയത്തിൽ വെച്ചിരിക്കുന്ന രണ്ട് വലിയ സമതല ദർപ്പണങ്ങൾക്കിടയിലുള്ള കോൺ അളവ് 90 ഡിഗ്രിയിൽ നിന്നും 60 ഡിഗ്രിയായി കുറച്ചാൽ, അവയ്ക്കിടയിൽ നിൽക്കുന്ന ഒരാൾക്ക് തന്റെ പ്രതിബിംബങ്ങളുടെ എണ്ണത്തിൽ എന്ത് മാറ്റമാണ് അനുഭവപ്പെടുക?

എ) പ്രതിബിംബങ്ങളുടെ എണ്ണം കുറയും.
ബി) പ്രതിബിംബങ്ങളുടെ എണ്ണത്തിൽ മാറ്റമുണ്ടാകില്ല.
സി) പ്രതിബിംബങ്ങളുടെ എണ്ണം കൂടും.
ഡി) പ്രതിബിംബങ്ങൾ അപ്രത്യക്ഷമാകും.

23. കാന്തങ്ങളെ കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് ഏതാണ്?

1. ഭൂമിയുടെ കാന്തികമണ്ഡലം കാരണം സ്വതന്ത്രമായി തൂക്കിയിട്ട ഒരു ബാർ കാന്തം എല്ലായ്പ്പോഴും കിഴക്ക്-പടിഞ്ഞാറ് ദിശയിലാണ് നിൽക്കുന്നത്.
2. രണ്ട് കാന്തങ്ങളുടെ ഒരേ ധ്രുവങ്ങൾ പരസ്പരം അകലുന്നതുപോലെ വ്യത്യസ്ത ധ്രുവങ്ങൾ പരസ്പരം ആകർഷിക്കുന്നു.
3. ഒരു ബാർ കാന്തത്തിന്റെ കാന്തിക ശക്തി അതിന്റെ കേന്ദ്രത്തിൽ പരമാവധിയും ധ്രുവങ്ങളിൽ ഏറ്റവുംകുറഞ്ഞതുമാണ്.

എ) 1 ഉം 2 ഉം മാത്രം ബി) 1, 2, 3 സി) 1ഉം 3 ഉം മാത്രം ഡി) 2 മാത്രം

24. ചുവന്ന ലിറ്റമസ് പേപ്പർ ഒരു ലായനിയിൽ മുക്കിയപ്പോൾ അതിന് മാറ്റമൊന്നും സംഭവിച്ചില്ല. എന്നാൽ അതേ ലായനിയിൽ നീല ലിറ്റ്മസ് മുക്കിയപ്പോൾ അത് ചുവപ്പായി മാറി. എങ്കിൽ ഈ ലായനിയെക്കുറിച്ച് ശരിയായ പ്രസ്താവന ഏത്?

എ) ഇത് കൈകളിൽ സ്പർശിക്കുമ്പോൾ സോപ്പ് പോലെ വഴുക്കൽ അനുഭവപ്പെടും.
ബി) ഇതിന് പുളിരുചി ഉണ്ടായിരിക്കും.
സി) ഇത് മഞ്ഞൾപ്പൊടിയെ ചുവപ്പ് നിറമാക്കും
ഡി) ഇത് ഒരു ബേസ് ലായനിയാണ്.

25. ആശുപത്രികളിൽ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് കൃത്രിമമായി ഓക്സിജൻ നൽകുന്നത് എന്തിനാണ്?

എ) ശ്വാസകോശത്തിന് വിശ്രമം നൽകാൻ.
ബി) രക്തത്തിലെ ഓക്സിജന്റെ അളവ് കൃത്യമായി നിലനിർത്താൻ.
സി) കാർബൺ ഡയോക്സൈഡ് പുറത്തുപോകുന്നത് തടയാൻ.
ഡി) ശരീരത്തിന്റെ താപനില വർദ്ധിപ്പിക്കാൻ.

26. അമാവാസി (New Moon) ദിവസങ്ങളിൽ ചന്ദ്രനെ ആകാശത്ത് കാണാൻ കഴിയാത്തത് എന്തുകൊണ്ട്?

എ) ചന്ദ്രനിൽ പ്രകാശം പതിക്കാത്ത ഭാഗം ഭൂമിക്ക് അഭിമുഖമായി വരുന്നതുകൊണ്ട്.
ബി) ചന്ദ്രൻ ഭൂമിയുടെ നിഴലിലായിരിക്കുന്നതുകൊണ്ട്.
സി) രാത്രി സമയം മാത്രമാണ് അമാവാസി ഉണ്ടാകുന്നത്.
ഡി) സൂര്യൻ ചന്ദ്രനെ പൂർണ്ണമായും മറയ്ക്കുന്നതുകൊണ്ട്.

27. ഒരാൾക്ക് പനി വരുമ്പോൾ ശരീരം വിയർക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടാകും. ഇത് ശരീരത്തിന്റെ ഏത് ധർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നു?

എ) വിസർജനവും ശരീര താപനില ക്രമീകരണവും ബി) രക്തയോട്ടം വർദ്ധിപ്പിക്കാൻ
സി) അണുക്കളെ നേരിട്ട് കൊല്ലാൻ ഡി) രക്തയോട്ടം കുറക്കാൻ

28. എന്തുകൊണ്ടാണ് ആധുനിക വീടുകളിൽ ഫിലമെന്റ് ബൾബുകളേക്കാൾ എൽഇഡി ബൾബുകൾക്ക് മുൻഗണ നൽകുന്നത്?

എ) എൽഇഡി ബൾബുകൾ കൂടുതൽ താപം ഉൽപ്പാദിപ്പിക്കുന്നു.
ബി) എൽഇഡി ബൾബുകൾക്ക് വിലകുറവാണ്.
സി) എൽഇഡി ബൾബുകൾ വളരെ കുറഞ്ഞ അളവിൽ താപം ഉൽപ്പാദിപ്പിക്കുന്നു.
ഡി) എൽഇഡി ബൾബുകൾ ഹൈ-വോൾട്ടേജ് എസിയിൽ മാത്രമേ പ്രവർത്തിക്കൂ.

29. വേനൽക്കാലത്ത് മൂത്രത്തിന്റെ അളവ് കുറയുകയും ശൈത്യകാലത്ത് വർദ്ധിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

എ) വേനൽക്കാലത്ത് നാം വെള്ളം കുടിക്കാത്തതുകൊണ്ട്
ബി) വേനൽക്കാലത്ത് വിയർപ്പിലൂടെ കൂടുതൽ ജലം നഷ്ടപ്പെടുന്നതുകൊണ്ട്.
സി) ശൈത്യകാലത്ത് വൃക്കകൾക്ക് ജോലി കുറവായതുകൊണ്ട്.
ഡി) അന്തരീക്ഷ മർദ്ദത്തിലെ വ്യതിയാനം കൊണ്ട്.

30. നമ്മുടെ ശരീരത്തിൽ മുറിവുണ്ടാകുമ്പോൾ രക്തം കട്ടപിടിക്കുന്നത് ഒരു ജീവൻരക്ഷാ പ്രക്രിയയാണ്. രക്തത്തിലെ ഏത് ഘടകമാണ് ഇതിന് പ്രധാനമായും സഹായിക്കുന്നത്?

എ) ശ്വേതരക്താണുക്കൾ (WBC) ബി) ചുവന്ന രക്താണുക്കൾ (RBC)
സി) പ്ലേറ്റ്ലെറ്റുകൾ (Platelets) ഡി) ഹീമോഗ്ലോബിൻ

# Part C

## Social Science

31. താഴെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് പൈതൃക കേന്ദ്രം തിരിച്ചറിയുക.

* യഥാർത്ഥ പേര് ഖിലഇമുബാറക്ക്
* ലാൽ കില എന്ന പേരിൽ അറിയപ്പെടുന്നു
* ഇൻഡോ-പേർഷ്യൻ നിർമ്മാണ ശൈലി
* യമുനാ നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു

എ) ഫത്തേപ്പൂർ സിക്രി ബി) ചെങ്കോട്ട സി) സാഞ്ചി സ്തൂപം ഡി) താജ്മഹൽ

32. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്നത് ഏത്?

എ) വിദേശകാര്യം ബി) അണുശക്തി സി) വിദ്യാഭ്യാസം ഡി) പ്രതിരോധം

33. ഭരണകാലഘട്ടമനുസരിച്ച് മുഗൾ ഭരണാധികാരികളെ ശരിയായ ക്രമത്തിൽ നിരത്തിയത് ഏത്?

എ) ബാബർ - ഹുമയൂൺ - ജഹാംഗീർ - ഷാജഹാൻ
ബി) ബാബർ - ഹുമയൂൺ - അക്ബർ - ജഹാംഗീർ
സി) ബാബർ - അക്ബർ - ഹുമയൂൺ - ജഹാംഗീർ
ഡി) ബാബർ - ഹുമയൂൺ - ജഹാംഗീർ - അക്ബർ

34. വിജയനഗര സാമ്രാജ്യത്തിലെ സാമൂഹ്യവ്യവസ്ഥയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏത്?

എ) സമൂഹത്തിൽ ജാതിവ്യവസ്ഥ നിലനിന്നിരുന്നു
ബി) ബ്രാഹ്മണർക്ക് ക്ഷേത്രഭൂമിയിൽ അവകാശമുണ്ടായിരുന്നില്ല
സി) സ്ത്രീകളുടെ സേവനം രാജ്യകാര്യങ്ങളിൽ ഉപയോഗിച്ചിരുന്നില്ല
ഡി) സമൂഹത്തിൽ ബഹുഭാര്യത്വം നിലനിന്നിരുന്നു

എ) എയും ബിയും ബി) എയും ഡി.യും സി) എയും സി.യും ഡി) ബിയും ഡിയും

35. ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ടിനെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത്?

എ) കേന്ദ്രത്തിൽ ദ്വിമണ്ഡല സഭ
ബി) 321 വിഭാഗങ്ങൾ, 10 പട്ടികകൾ
സി) കേന്ദ്രത്തിനും പ്രവിശ്യകൾക്കുമായി അധികാരം പങ്കിട്ടു
ഡി) നിർമ്മാണത്തിന് 2 വർഷം 11 മാസം 17 ദിവസം എടുത്തു

36. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് അന്തരീക്ഷ പാളികളുടെ ശരിയായ ക്രമം ഏത്?

എ) ട്രോപ്പോസ്ഫിയർ - സ്ട്രാറ്റോസ്ഫിയർ - മീസോസ്ഫിയർ - തെർമോസ്ഫിയർ
ബി) ട്രോപ്പോസ്ഫിയർ - മീസോസ്ഫിയർ - തെർമോസ്ഫിയർ - സ്ട്രാറ്റോസ്ഫിയർ
സി) ട്രോപ്പോസ്ഫിയർ - തെർമോസ്ഫിയർ - സ്ട്രാറ്റോസ്ഫിയർ - എക്സോസ്ഫിയർ
ഡി) ട്രോപ്പോസ്ഫിയർ - മീസോസ്ഫിയർ - എക്സോസ്ഫിയർ - സ്ട്രാറ്റോസ്ഫിയർ

37. സൂര്യന്റെ അയനം നടക്കുന്നത് ഏത് അക്ഷാംശങ്ങൾക്കിടയിലാണ്?

എ) 23½° ഉത്തരാർദ്ധഗോളം മുതൽ 23½° ദക്ഷിണാർദ്ധഗോളം വരെ
ബി) 23½° ദക്ഷിണാർദ്ധഗോളം മുതൽ 66½° വരെ
സി) 23½° ഉത്തരാർദ്ധഗോളം മുതൽ 66½° വരെ
ഡി) 66½° മുതൽ 90° വരെ

38. ഡക്കാൻ പീഠഭൂമിയിൽ പരുത്തി കൃഷി ധാരാളമായി ചെയ്യുന്നതിനുള്ള പ്രധാന കാരണം എന്ത്?

എ) ധാരാളം മഴ ലഭിക്കുന്നതു കൊണ്ട്
ബി) ധാരാളം ചൂട് ലഭിക്കുന്നതു കൊണ്ട്
സി) പടിഞ്ഞാറൻ കാറ്റ് ലഭിക്കുന്നതു കൊണ്ട്
ഡി) കറുത്ത മണ്ണ് നിറഞ്ഞിരിക്കുന്നതു കൊണ്ട്

39. താഴെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്ന് കൃഷിരീതി തിരിച്ചറിയുക.

(i) സ്വന്തം ആവശ്യത്തിന് മാത്രം കൃഷി (ii) ലാഭം ലക്ഷ്യമല്ല
(iii) പരമ്പരാഗത ഉപകരണങ്ങൾ (iv) മിച്ചം ഉണ്ടെങ്കിൽ മാത്രം വിൽപ്പന

എ) ഉപജീവന കൃഷി ബി) സമ്മിശ്ര കൃഷി
സി) വാണിജ്യവിള കൃഷി ഡി) തോട്ടവിള കൃഷി

40. ഗ്രാമസ്വരാജുമായി ബന്ധമില്ലാത്തത് ഏത്?

എ) സ്വയംഭരണ സർക്കാർ ബി) കേന്ദ്രീകൃത അധികാരം
സി) അധികാര വികേന്ദ്രീകരണം ഡി) ഗ്രാമങ്ങളുടെ വികസനം

41. ഭൂപടങ്ങളെ വർഗ്ഗീകരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

(i) ഭൂപടങ്ങളുടെ ധർമ്മം (ii) ഭൂപടങ്ങളിലെ നിറം
(iii) ഭൂപടങ്ങളിലെ സൂചികകൾ (iv) ഭൂപടങ്ങൾ തയ്യാറാക്കിയിരിക്കുന്ന തോത്

എ) i & ii ബി) ii & iii സി) i & iii ഡി) i & iv

42. വികസനേതര ചെലവിന് ഉദാഹരണം ഏത്?

എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കൽ ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ
സി) പാലങ്ങളുടെ നിർമ്മാണം ഡി) ഊർജ്ജോത്പാദനം

43. ദക്ഷിണാഫ്രിക്കയിൽ കറുത്ത വർഗ്ഗക്കാർക്ക് 'റിസർവ്' അനുവദിച്ച നിയമം ഏത്?

എ) ഖനി-തൊഴിൽ നിയമം ബി) പ്രാദേശിക ഭൂനിയമം
സി) പ്രാദേശിക നഗരപ്രദേശനിയമം ഡി) ഗ്രൂപ്പ് ഏരിയ നിയമം

44. സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ അവകാശങ്ങൾ ലഭിക്കണം എന്ന ഗാന്ധിജിയുടെ ആശയം ഭരണഘടനയിലെ ഏത് മൂല്യവുമായി ബന്ധപ്പെട്ടിരിക്കുന്നു?

എ) പരമാധികാരം ബി) തുല്യത സി) ലിംഗനീതി ഡി) സമത്വം

45. ഇന്ത്യയുടെ ആദ്യ AI ഡാറ്റാ സെന്റർ പാർക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏത്?

എ) ഛത്തീസ്ഗഡ് ബി) കേരളം സി) തമിഴ്നാട് ഡി) ഉത്തരപ്രദേശ്

46. ചരിത്രരചനയ്ക്ക് ഉപയോഗിക്കുന്ന പുരാവസ്തുശാസ്ത്ര സ്രോതസ്സിൽ ഉൾപ്പെടാത്തത് ഏത്?

എ) നാണയങ്ങൾ ബി) ശിലാ സ്മാരകങ്ങൾ
സി) ഗുഹകൾ ഡി) സാഹിത്യകൃതികൾ

47. കഴിഞ്ഞ റിപ്പബ്ലിക് ദിന പരേഡിൽ കേരളം നേടിയ സ്ഥാനം ഏത്?

എ) ഒന്നാം സ്ഥാനം ബി) രണ്ടാം സ്ഥാനം
സി) മൂന്നാം സ്ഥാനം ഡി) നാലാം സ്ഥാനം

48. 2026 ലോകകപ്പ് ഫുട്ബോൾ ടൂർണമെന്റ് ആതിഥേയത്വം വഹിക്കുന്ന രാജ്യങ്ങൾ ഏവ?

എ) കാനഡ, മെക്സിക്കോ, യുണൈറ്റഡ് സ്റ്റേറ്റ്സ്
ബി) ബ്രസീൽ, അർജന്റീന, ചിലി
സി) ഫ്രാൻസ്, ജർമനി, ഇറ്റലി
ഡി) സ്പെയിൻ, പോർച്ചുഗൽ, ഇംഗ്ലണ്ട്

49. ഇന്ത്യയുടെ ഏറ്റവും വലിയ സിവിലിയൻ ബഹുമതി ഏത്?

എ) പത്മഭൂഷൺ ബി) പത്മവിഭൂഷൺ
സി) ഭാരതരത്ന ഡി) പത്മശ്രീ

50. കേരളത്തിലെ സ്കൂളുകളിൽ ഐടി വിദ്യാഭ്യാസത്തിനായി നടപ്പിലാക്കിയ പദ്ധതി ഏത്?

എ) ഐടി@സ്കൂൾ ബി) കെഐടിഎസ്
സി) എഡ്യൂസാറ്റ് ഡി) ഡിജിറ്റൽ ഇന്ത്യ